പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2687 19/12/2012-ൽ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) പോസ്റ്റ് ഓഫീസുകൾ വഴി നൽകിവന്നിരുന്ന ക്ഷേമനിധി പെൻഷൻ ഇപ്പോൾ എപ്രകാരമാണ് നൽകുന്നത്, | (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ചുരുക്കം ചില ബോർഡുകളിൽ ബാങ്ക് വഴിയാണ് ഇപ്പോൾ പെൻഷൻ നൽകി വരുന്നത് ശേഷിക്കുന്ന മറ്റ് ബോർഡുകളിൽ പോസ്റ്റ് ഓഫീസ് വഴിയാണ് പെൻഷൻ നൽകിവരുന്നത്. |
| (ബി) ഏത് മാസം വരെയുള്ള പെൻഷനാണ് പോസ്റ്റ് ഓഫീസ് വഴി നൽകിയത്. | (ബി) 09/2012 വരെയുള്ള പെൻഷനുകൾ പോസ്റ്റ് ഓഫീസ് വഴി നൽകിയിട്ടുണ്ട്. |
| (സി) ബാങ്കുകൾ വഴി പെൻഷൻ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കുമോ; | (സി) തൊഴിൽ വകുപ്പുവഴി നൽകുന്ന പെൻഷൻ ബാങ്കുവഴി നൽകുന്നതിന് തീരുമാനമായിട്ടുണ്ട്, ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) പെൻഷൻ വാങ്ങി വന്നിരുന്നവർക്ക് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ? | (ഡി) ഇപ്പോൾ ചെയ്തുവരുന്ന നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ